ഇതിനെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയും ടി അപ്പീൽ ഹൈക്കോടതി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) എൽ. പി. സ്കൂൾ അദ്ധ്യാപക നിയമനത്തിന് ടി. ടി. സി. ക്കാരെ മാത്രമേ പരിഗണിക്കുന്നുള്ളൂ.

എൽ. പി./ യു. പി. വിഭാഗത്തിലുള്ള പ്രൈമറി ടീച്ചറന്മാരുടെ റിട്ടയർമെന്റ് വേക്കൻസികൾ

81 (2956) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലും കോട്ടയം ജില്ലയിലും വിദ്യാഭ്യാസ വകുപ്പിൽ 2000 മാർച്ച് 31 നകം എൽ. പി. വിഭാഗത്തിലും യു. പി. വിഭാഗത്തിലും എത്ര പ്രൈമറി അദ്ധ്യാപകരുടെ റിട്ടയർമെന്റ് വേക്കൻസി ഉണ്ടാവും എന്ന് തരംതിരിച്ച് വ്യക്തമാക്കാമോ ;

(ബി) റിട്ടയർമെന്റ് വേക്കൻസികൾ മുഴുവനും 5-6-2000-നും 13-6-2000-നും ക്യാൻസൽ ആകുന്ന ലിസ്റ്റിൽ നിന്ന് നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) റിട്ടയർമെന്റ് വേക്കൻസികൾ യഥാസമയം പി. എസ്. സി.-യെ അറിയിക്കാതെ ലിസ്റ്റ് ക്യാൻസൽ ആകുന്ന മുറയ്ക്ക് താൽക്കാലിക നിയമനം നടത്തി അഴിമതി നടത്തുവാനുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നീക്കം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ഏകദേശം നൂറ്റി ഇരുപതോളം റിട്ടയർമെന്റ് ഒഴിവുകളും കോട്ടയം ജില്ലയിൽ എൽ. പി. വിഭാഗത്തിൽ ഇരുപത്തി രണ്ടും (22) യു. പി. വിഭാഗത്തിൽ പതിനാലും (14) മൊത്തം മുപ്പത്തിയാറെണ്ണം ഒഴിവുകളും പെൻഷൻ പറ്റി പിരിയുന്നതു മൂലം ഉണ്ടാകുന്നതാണ്.

(ബി) റിട്ടയർമെന്റ് വേക്കൻസിയിൽ 65% പി. എസ്. സി. ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. റാങ്ക്ലിസ്റ്റ് നിലനിൽക്കുന്ന കാലയളവിൽ മാത്രമേ ഈ ലിസ്റ്റിൽ നിന്ന് നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ.

(സി) റിട്ടയർമെന്റ് ഒഴിവുകൾ യഥാസമയം പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

ഗവൺമെന്റ് സ്കൂളുകളിലെ ഷിഫ്റ്റ് സംപ്രദായം

82 (2957) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എൽ. പി. എസ്., യു. പി. എസ്., എച്ച്. എസ്. എന്നീ വിഭാഗങ്ങളിൽപ്പെട്ട എത്ര ഗവൺമെന്റ് സ്കൂളുകളിൽ ഷിഫ്റ്റ് സംപ്രദായം നിലവിലുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ഥലസൗകര്യമുള്ള സ്കൂളുകളിൽ പി. ടി. എ. ആവശ്യപ്പെട്ടിട്ടും ഷിഫ്റ്റ് നിർത്തലാക്കിയിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഷിഫ്റ്റ് സംപ്രദായത്തിൽ പ്രവർത്തിക്കുന്ന അരുവിക്കര ഗവൺമെന്റ് ഹൈസ്കൂളിന്റെ പണി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 277 സ്കൂളുകളിൽ. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ജില്ല	*എൽ. പി.*	*യു. പി.*	*എച്ച്. എസ്.*
തിരുവനന്തപുരം	78	19	15
കൊല്ലം	47	15	10
പത്തനംതിട്ട	13	–	1
ആലപ്പുഴ	22	11	7
കോട്ടയം	4	1	1
ഇടുക്കി	6	5	7
എറണാകുളം	–	2	–
തൃശൂർ	1	–	–
കണ്ണൂർ	–	–	12
ആകെ	171	53	53

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

കുപ്പാടി ഗവൺമെന്റ് യു. പി. സ്കൂൾ ഹൈസ്കൂളാക്കുന്നതിന് നടപടി

83 (2958) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻബത്തേരി പഞ്ചായത്തിലെ കുപ്പാടി ഗവൺമെന്റ് യു. പി. സ്കൂൾ ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിന് സ്കൂൾ പി. ടി. എ. യും നാട്ടുകാരും ജനപ്രതിനിധികളും നൽകിയിട്ടുള്ള നിവേദനങ്ങളും നടത്തിയിട്ടുള്ള പ്രക്ഷോഭ സമരങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വയനാട് ജില്ലാ പഞ്ചായത്തും വയനാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും കുപ്പാടി ഗവൺമെന്റ് യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ഒന്നാമതായി ശുപാർശ ചെയ്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ എന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly